# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറിച്ചി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി12-1185/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 16/10/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറിച്ചി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി12-1185/2021 തീയ്യതി: 16/10/2021

## കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 26-08-2021 | 10-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-08-2021 | 10-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മനോജ് ജോർജ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| സുജാത സുശീലൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ബീനാമോൾ ജെ. | സെക്രട്ടറി | 01-04-2020 | 10-06-2020 |
| അനിൽകുമാർ ആർ. | സെക്രട്ടറി | 11-06-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രസന്നകുമാർ ആർ. | കൃഷി ഓഫീസർ | 01-04-2020 | 26-02-2021 |
| വിദ്യ വി. | കൃഷി ഓഫീസർ | 27-02-2021 | 31-03-2021 |
| ഡോ. അജയകുമാർ ബി. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. നീത ആലീസ് പോൾ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. മിഥുൻ ജെ കല്ലൂർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ഗിരീഷ് വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മലകുന്നം) | 01-04-2020 | 31-03-2021 |
| മഹേഷ് ബാലചന്ദ്രൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കുറിച്ചി) | 01-04-2020 | 31-03-2021 |
| അനിപ്രിയ എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഫൈസൽ പി. ആർ. | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. എസ്.-ഇത്തിത്താനം | 01-04-2020 | 31-03-2021 |
| ദീപ ഡി. റ്റി. | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2020 | 31-03-2021 |
| ജയലക്ഷ്മി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 06-03-2021 |
| ജോബി കുര്യാക്കോസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 18-06-2020 |

| | | | |
|---|---|---|---|
| കൃഷ്ണകുമാർ എം. എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 24-06-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: A Indulekha (Audit Officer, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Darsana V (Senior Grade Auditor, On 09-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: A Indulekha (Audit Officer, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Emil T Abraham (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-10 |
| 11 | അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-11 |
| 12 | വസ്തുനികുതി- കളക്ഷൻ തുക സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-12 |
| 13 | വിമുക്തഭടന്മാർക്ക് വസ്തനികുതി ഇളവ്- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-13 |
| 14 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-14 |
| 15 | വസ്തുനികുതി -ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-15 |
| 16 | വസ്തുനികുതി -കുടിശ്ശിക<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-16 |
| 17 | | 1-17 |

| | | |
|---|---|---|
| | മൊബൈൽ ടവറുകളുടെ വസ്തുനികുതി-അപാകത<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-18 |
| 19 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-19 |
| 20 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-20 |
| 21 | തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത ഉറപ്പാക്കുന്നില്ല<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-21 |
| 22 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ- വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-22 |
| 23 | മോട്ടോർ ഫീ ഈടാക്കിയില്ല /കുറവായി ഈടാക്കി<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-23 |
| 24 | ലൈസൻസ് ഫീസ് - പൊതുഅപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-24 |
| 25 | ഇ -ടെൻണ്ടർ ഫോം വില പഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Emil T Abraham (Senior Grade Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-25 |
| 26 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു<br>Written By: A Indulekha (Audit Officer, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-26 |
| 27 | ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു<br>Written By: A Indulekha (Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-27 |
| 28 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ- കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-28 |
| 29 | പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ-സംയുക്ത പരിശോധന നടത്തുന്നതിൽ വീഴ്ച<br>Written By: A Indulekha (Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-29 |
| 30 | ജലനിധി -സുസ്ഥിരവികസന പദ്ധതി നടത്തിപ്പ്<br>Written By: A Indulekha (Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-30 |
| 31 | ശ്മശാന പ്രവർത്തനം-തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടത് | 1-31 |

| | | |
|---|---|---|
| | Written By: A Indulekha (Audit Officer, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | |
| 32 | സിഎഫ് എൽ റ്റി സി സംവിധാനം<br>Written By: A Indulekha (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-32 |
| 33 | ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-33 |
| 34 | കൃഷി ഓഫീസർ 2020-21 ൽ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-34 |
| 35 | വെറ്റിനറി സർജൻ 2020-21 ൽ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-35 |
| 36 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-36 |
| 37 | വീട് വാസയോഗ്യമാക്കൽ -പൂർത്തിയായിട്ടില്ല<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-37 |
| 38 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Sivaraj P (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-38 |
| 39 | ലൈഫ് ഭവന പദ്ധതി<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 1-39 |
| 40 | ആശ്രയ പദ്ധതി തുക സി.ഡി.എസ് കുടുംബശ്രീ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചു<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 1-40 |
| **ഭാഗം 2** | | |
| 1 | മോട്ടോർ ഫീ ഈടാക്കിയില്ല /കുറവായി ഈടാക്കി - 2150 രൂപ നഷ്ടം<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ | 4-3 |

| | | |
|---|---|---|
| | വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 06-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 08-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 20/02/2021 തീയതിയിലെ II(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 8,826,904/- | 44,043,100/- |
| വരവ് | 218,500,000/- | 99,440,596/- |
| ആകെ | 227,326,904/- | 143,483,696/- |
| ചെലവ് | 223,031,210/- | 126,285,228/- |
| നീക്കിയിരിപ്പ് | 4,295,694/- | 17,198,468/- |

ബജറ്റ് പ്രകാരം 21.85 കോടി രൂപയുടെ പ്രതീക്ഷിത വരവും 22.3 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 19.98 കോടി രൂപയും ചെലവ് 20.34 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 199,827,849/- രൂപയും ചെലവ് 203,440,177/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 3,612,328/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 93,517,204/- രൂപയും ബാധ്യതകളുടെ മൂല്യം 78,848,621/- രൂപയും ജനറൽ ഫണ്ട് 14,668,583/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 320100299, 320700104, 320700304, 320700404, 320700405 ശീർഷകങ്ങളിൽ 31/03/2021 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം എ.സി.ആർ.-ൽ ലഭ്യമല്ല.

3.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല(B-7 ഷെഡ്യൂൾ). കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4.31/03/2021-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350800119 ശീർഷകത്തിലെ 5,000/- രൂപ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ലാത്തതിനാൽ പഞ്ചായത്തിന് പ്രസ്തുത ബാധ്യത ക്രമീകരിക്കാൻ സാധിക്കുന്നില്ല.

5.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമല്ല.

6.2020-21 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ടാറിങ് നടത്തിയിട്ടുണ്ടെങ്കിലും 410300102-Roads-Tarred ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. റോഡ് ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവുകൾ 252200101-Roads-General എന്ന ശീർഷകത്തിൽ റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2021 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

7.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

8.പഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി. യിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുക 31/03/2021 ലെ നീക്കിയിരിപ്പ് 6,193,058/- രൂപ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നത് നിക്ഷേപ രജിസ്റ്ററിൽ വിശദാംശമില്ല. മറ്റ് അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9.ലൈസൻസ് ഫീസ് ഡിമാന്റ് 2019-20 വർഷത്തെ ഡിമാന്റ് തുകയേക്കാൾ കുറവായിട്ടാണ് 2020-21 വർഷത്തെ ഡിമാന്റ് തുക കണക്കാക്കിയത്.

10.350410101,350410102,350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് അക്രൂവൽ വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

11.സർക്കാരിലേക്കും മറ്റ് സ്ഥാപങ്ങളിലേക്കും ഒടുക്കുന്ന/ഒടുക്കാനുള്ള തുകകളുടെ(GST,Flood Cess, Library Cess Etc.) വിനിമയം നിരീക്ഷിക്കുന്നതിന് സർക്കാർ ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12.1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. വാടക കുടിശികയിനത്തിൽ 4,379/- രൂപ ഡിമാന്റിൽ കുറവ് വരുത്തി Prior Period Income ആയി ക്രമീകരിച്ചത് വിശദീകരിച്ചിട്ടില്ല.

13.2020-21 വർഷം ഗുണഭോക്തൃ വിഹിതമിനത്തിലുള്ള ചെലവ് തുകയുടെ മൂല്യം ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ പ്രകാരം 160300206-Beneficiary Contribution റവന്യൂ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

14.110200102-Profession Tax-Employees ശീർഷകത്തിലെ വരവ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ളത് റിസീറ്റ് & പേമെന്റ് പത്രികയിലെ വരവിൽ നിന്നും 31,000/- രൂപയുടെ വ്യത്യാസം കാണുന്നു(പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി സാലറി റിക്കവറിയായി ജേർണൽ വൗച്ചർ മുഖേന അക്കൗണ്ട് ചെയ്തത് മൂലം).

15.412010101-Capiatal Work In Progress തുകയുടെ കൃത്യത പാർട്ട് ബിൽ തുകകളുടെ കണക്കുകൾ മുഖേന ബോധ്യപ്പെടുത്തിയിട്ടില്ല.

16.ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-7 പ്രകാരം സ്ഥിരനിക്ഷേപ പലിശയിനത്തിൽ 419,375/- രൂപ മുതൽ തുകയാക്കി നിക്ഷേപം പുതുക്കി. എന്നാൽ 406,233/- രൂപ മാത്രമാണ് 2020-21 വർഷം സ്ഥിരനിക്ഷേപ പലിശ ലഭിച്ചത്(FD സ്ക്രോൾ പ്രകാരം). 13,142/- രൂപ പലിശയിനത്തിൽ 170100101 ശീർഷകത്തിൽ ക്രമീകരിച്ചു. 420800101-Investments-Fixed Deposits ശീർഷകത്തിലെ നീക്കിയിരിപ്പിൽ 13,142/- രൂപയുടെ വ്യത്യാസം പ്രതിഫലിക്കുന്നു.

17.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 44,043,100/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99,440,596/- |
| ആകെ | 143,483,696/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 126,285,228/- |
| നീക്കിയിരിപ്പ് | 17,198,468/- |
| വരവിനങ്ങളിലുള്ള നഷ്ടം | 2,250/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 200,850/- |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19,771,000/- | 19,771,000/- | 16,753,449/- | 3,017,551/- | 84.73 |
| വികസന ഫണ്ട്- എസ്.സി.പി. | 0 | 13,347,000/- | 13,347,000/- | 11,720,801/- | 1,626,191/- | 87.82 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 804,000/- | 804,000/- | 509,396/- | 294,604/- | 63.36 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 6,920,000/- | 6,920,000/- | 3,161,513/- | 3,758,487/- | 45.69 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 13,371,369/- | 13,371,369/- | 12,005,774/- | 1,365,595/- | 47.48 |
| സംരക്ഷണ ഗ്രാന്റ്-Road | 0 | 9,988,000/- | 9,988,000/- | 9,500,451/- | 487,549/- | 38.11 |
| സംരക്ഷണ ഗ്രാന്റ്-Non Road | 0 | 5,094,000/- | 5,094,000/- | 4,941,154/- | 152,846/- | 97 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 0 | 200,000/- | 200,000/- | 200,000/- | 0 | - |

| | | | | | | |
|---|---|---|---|---|---|---|
| സർവ്വ ശിക്ഷ അഭിയാൻ(SSA) | 52,403/- | 1,440/- | 53,843/- | 0 | 53,843/- | - |
| ICDS ഫണ്ട് | 2,825,265/- | 1,109,643/- | 3,934,908/- | 1,214,728/- | 2,720,180/- | - |
| ജലനിധി | 1,216,728/- | 355,575/- | 1,572,303/- | 85,480/- | 1,486,823/- | - |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 1,162,150/- | 5,000/- | 1,167,150/- | 412,500/- | 754,650/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 391,807/- | 3,081,908/- | 3,473,715/- | 1,390,280/- | 2,083,435/- | - |
| കേരളോൽസവം ഗ്രാന്റ് | 0 | 20,000/- | 20,000/- | 20,000/- | 0 | - |
| പകർച്ചവ്യാധി നിയന്ത്രണ ഗ്രാന്റ് | 0 | 4,314,646/- | 4,314,646/- | 4,314,646/- | 0 | - |
| സംസ്ഥാന ഗ്രാന്റ് | 0 | 24,564/- | 24,564/- | 24,564/- | 0 | - |
| ജലനിധി ഗ്രാന്റ് | 1,486,823/- | 217,218/- | 1,704,041/- | 226,308/- | 1,477,733/- | - |
| ആശ്രയ ഫണ്ട് | 1,900,074/- | - | 1,900,074/- | 533,341/- | 1,366,733/- | - |
| ധനകാര്യ സ്ഥാപന ഫണ്ട് | 0 | 120,000/- | 120,000/- | 100,000/- | 20,000/- | - |

ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ഫണ്ടായി ലഭിച്ച 13,371,369/- രൂപ ബജറ്റ് വിഹിതമായ 69.2 ലക്ഷം രൂപയും മുൻവർഷം പ്രസ്തുത ഫണ്ടിൽ ലാപ്സായ തുകയും ചേർന്ന ഗ്രാന്റാണ്. 19/02/2021-ലെ സ.ഉ.(സാധാ) നം.1604/2021/ധന ഉത്തരവ് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി. എന്നീ ഫണ്ടുകളിൽ സംസ്ഥാന ബജറ്റ് വിഹതത്തിനു പുറമേ യഥാക്രമം 40.01 ലക്ഷം, 21.91 ലക്ഷം, 2.35 ലക്ഷം രൂപ വീതം ആകെ 64.27 ലക്ഷം രൂപ പ്രളയ ഫണ്ടായി അലോട്ട്മെന്റ് ലഭിച്ചിരുന്നു. പ്രളയ ഫണ്ട് ഉൾപ്പടെയുള്ള ഫണ്ടാണ് മേൽ പട്ടികയിൽ അലോട്ട്മെന്റായി ചേർത്തിരിക്കുന്നത്. വികസന ഫണ്ടിന്റെ ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും സംസ്ഥാന ബജറ്റ് അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം ജി.ഓ. പ്രോജക്ടുകൾക്കായി അലോട്ട്മെന്റിൽ ക്രമീകരിച്ച തുകയാണ്. വിശദാംശങ്ങൾ താഴെ പട്ടികയിൽ വിവരിക്കുന്നു.

| ഗ്രാന്റ്-ഇനം | ACR പ്രകാരം അലോട്ട്മെന്റ് | ജി.ഓ. പ്രോജക്ട് നം. | ബജറ്റ് അലോട്ട്മെന്റ് | പ്രളയ ഫണ്ട് | ആകെ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 13,548,955/- | 354/21-452,600/-<br>391/21 -452,600/-<br>392/21 - 431,627/-<br>412/21 -452,600/-<br>413/21 - 431,628/-<br>ആകെ-2,221,055/- | 15,770,000/- | 4,001,000/- | 19,771,000/- |
| വികസന ഫണ്ട്-SCP | 11,038,902/- | 414/21 -58,549/-<br>415/21 -58,549/-<br>ആകെ-117,098/- | 11,156,000/- | 2,191,000/- | 13,347,000/- |
| വികസന | 569,000/- | - | 569,000/- | 235,000/- | 804,000/- |

| | | | | | |
|---|---|---|---|---|---|
| ഫണ്ട്-TSP | | | | | |
| സംരക്ഷണ ഗ്രാന്റ്-Non Road | 5,042,477/- | 417/21 -51,523/- (Voting Machine) | 5,094,000/- | - | 5,094,000/- |

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിമയത്തിൽ ഗ്രാന്റ് പത്രികയിലും ACR ലും മേൽവിവരിച്ച പ്രകാരം വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകലനം

ഗ്രാമപഞ്ചായത്തിന്റെ 2020-21വാർഷികപദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ സമിതിയോഗം 16.01.2020ലും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 03.01.2020ലും നടക്കുകയുണ്ടായി.പദ്ധതിരൂപീകരണഗ്രാമസഭ 10.01.2020മുതൽ 18.01.2020വരെയുള്ള കാലയളവിൽ ചേർന്ന് പദ്ധതിനിർദേശങ്ങൾ ചർച്ച ചെയ്തു. 07.03.2020ലെ വികസനസെമിനാറിൽ പദ്ധതി നിർദേശങ്ങൾ അന്തിമമാക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 26.03.2020ലെ യോഗം വാർഷികപദ്ധതിക്ക് അന്തിമാംഗീകാരം നല്കുകയും ചെയ്തു.വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 18.08.21ലെ 80898/20/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.
ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 320 | 164891216 | 251 | 83441317 | 78 |

ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തിയതായി കാണുന്നു. ഉദ്പാദനമേഖലയിൽ ഏറ്റവും കൂടുതൽ വിസ്തൃതിയിൽ തരിശുഭൂമി കൃഷിയോഗ്യമാക്കിയത് കുറിച്ചി ഗ്രാമപഞ്ചായത്തിലാണ്. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളുടെയും എൽ.പി. സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നു. ആശുപത്രികളിലേയ്ക്ക് മരുന്നുകൾ/ അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം മൂന്നാംഘട്ടം പൂർത്തിയാക്കി ഫൈനൽബിൽ നൽകിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിവരുന്നു. വെറ്റിനറി സർജൻ, അസിസ്റ്റന്റ് സർജൻ എന്നിവരുടെ പ്രോജക്ട് നിർവ്വഹണം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയായിരുന്നു.

ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന ആവശ്യങ്ങൾ പൂർണ്ണമായി പരിഗണിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന പോഷകാഹാര സാധനങ്ങളുടെ ഗുണനിലവാരം ടെസ്റ്റുചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നില്ല.
വിവിധ നിർവഹണോദ്യോഗസ്ഥർ മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 7 | 4680540 | 4124281 | 88 |
| വെറ്ററിനറി സർജൻ | 24 | 13 | 7502700 | 2278900 | 30 |
| എം.ഒ (പിഎച്ച്സി) | 3 | 3 | 870000 | 861029 | 99 |
| എം.ഒ (ആയുർവേദം) | 2 | 2 | 1400000 | 1400000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1866000 | 251582 | 13 |
| വി ഇ ഒ I | 12 | 12 | 14073324 | 10153416 | 72 |
| വി ഇ ഒ II | 10 | 10 | 63256625 | 11997296 | 19 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 8 | 7160695 | 6595026 | 92 |
| സെക്രട്ടറി | 41 | 29 | 18596882 | 13312170 | 72 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 176 | 138 | 38594638 | 27361024 | 71 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 718363 | 518363 | 72 |
| ഹെഡ്മാസ്റ്റർ | 11 | 9 | 1704280 | 1505340 | 88 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 15 | 4467169 | 3082890 | 69 |
| ആകെ | 320 | 251 | 164891216 | 83441317 | 78 |

അംഗീകാരം കിട്ടിയ 320 പ്രോജക്ടുകളിൽ 251 എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.വകയിരുത്തിയ ആകെ തുകയുടെ 78 ശതമാനമാണ് ചെലവ്. നൂതന പ്രോജക്ടുകളൊന്നും തന്നെ ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ലൈഫ് ഭവനപദ്ധതിയാണ് തൻവർഷം ഏറ്റെടുത്ത ഏറ്റവും ബൃഹത്തായത്. എന്നാൽ ഭവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെയും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയതിന്റെയുമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ

റോഡ് കോൺക്രീറ്റിംഗ്,റോഡ് ടാറിംഗ്,സ്കൂളുകളുടെയും അങ്കണവാടികളുടെയും അറ്റകുറ്റപ്പണികൾ,കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണപ്രവൃത്തികൾ, തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനമായവ. റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല. പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 176പ്രോജക്ടുകളിൽ 138പ്രോജക്ടുകൾ പോലും തൻവർഷം പൂർത്തീകരിച്ചില്ല. .ആകെ അംഗീകാരം ലഭിച്ച 176 പ്രോജക്ടുകളിൽ 106 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ആയതിൽ 7എണ്ണം നടപ്പാക്കിയില്ല. ഇതിൽ നിന്ന് പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്. ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത, തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽമാനദണ്ഡമാക്കേണ്ടത്.എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

<u>ടെണ്ടർ നടപടികളിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നില്ല.</u>

തൻവർഷം ടെണ്ടർ ചെയ്ത 80പ്രവൃത്തികളിൽ12എണ്ണം ഒഴികെ ബാക്കിയുള്ളവയ്ക്ക് 2 കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. അതിൽ ഒരാന്ന പുറത്തുവച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളും ക്വാട്ട് ചെയ്ത നിരക്കും

പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. ഓഡിറ്റ് നിരീക്ഷണം ഭരണ സമിതിയുടെയും കമ്മറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും ടെണ്ടറുകൾ സംബന്ധിച്ച് കൂടുതൽ ഇടപെടലുകൾ നടത്തി സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കി അറിയിക്കേണ്ടതുമാണ്.

പ്രോജക്ടുളുടെ ഫലപ്രാപ്തി,പൂർത്തീകരണം,നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്.നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

1-5എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 1.07 കോടി രൂപ നഷ്ടപ്പെട്ടു

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി. | 11,947,000/- | 11,720,801/- | 4,719,307/- |
| വികസന ഫണ്ട്- ടി.എസ്.പി. | 804,000/- | 509,396/- | 294,604/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 6,920,000/- | 3,161,513/- | 3,758,487/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 13,371,369/- | 12,005,774/- | 1,365,595/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 9,988,000/- | 9,500,451/- | 487,549/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 5,042,477/- | 4,941,154/- | 101,323/- |
| | | ആകെ | 10,726,865/- |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതല ഉണ്ടായിരുന്ന മരാമത്ത് പ്രവൃത്തികളിൽ പകുതിയിൽ കൂടുതൽ പ്രോജക്ടുകളും നടപ്പിലായില്ല. ഫണ്ട് ലാപ്സാകുന്നതിൽ ഇത് പ്രധാന കാരണമായി ഭവിച്ചു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി തുകയ്ക്ക് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 1.07 കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് ഇപ്രകാരമുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 ലേബർ ബജറ്റ് പ്രകാരം ആകെ 438 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 206 പദ്ധതികളിൽ 169എണ്ണം പൂർത്തീകരിച്ചു. 2020-21വർഷം 20

ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 82590 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2020-21 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 55.50 ആണ്. 1488 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ ,കിണർ നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2019-20 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ടി കണക്കുകൾ വാർഷികകണക്ക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29946959 | 29946959 | 29946959 | 0 |
| കാഷ് | 256922.50 | 467575 | 724437.50 | 717085 | 7352.50 |
| ആകെ | 256922.50 | 30414474 | 30671396 | 306664044 | 7352.50 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം കുറിച്ചി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36,840/- | 52 |
| വാർദ്ധക്യകാലപെൻഷൻ | 40,371,100/- | 2993 |
| കർഷകതൊഴിലാളി പെൻഷൻ | 10,816,800/- | 773 |
| വിധവാപെൻഷൻ | 16,739,300/- | 1152 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 432,400/- | 34 |
| വികലാംഗപെൻഷൻ | 5,661,300/- | 401 |
| വിവാഹ ധനസഹായം | 270,000/- | 9 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവർക്ക് 1,000/- രൂപ വീതം ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2020-21 വർഷം ഈയിനത്തിൽ 1.01 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്(കണക്ക് ശീർഷകം 160100399).

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 27/08/2021-ന് 03:10 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 18,676/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ

ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എങ്കിൽ പോലും ഗ്രാമപഞ്ചായത്തിന്റെ വാർഡുകളുടെ എണ്ണം , വരവുചെലവുകണക്കുകൾ എന്നിവയിലെ ആധിക്യം , കോവിഡ് കാലത്തു സി.എഫ് .എൽ ,റ്റി.സി പ്രവർത്തനവുമായി ബന്ധപ്പെട്ട് കൂടുതൽ ജീവനക്കാരെ ചുമതലപ്പെടുത്തുന്നതുകൊണ്ടും എല്ലാ സെക്ഷനിലും ജോലിഭാരം കൂടുന്നു എന്നുള്ള അഭിപ്രായം ഓഡിറ്റ് സമാപനയോഗത്തിൽ കമ്മറ്റിയിൽ നിന്നും ജീവനക്കാരിൽ നിന്നും ഉയർന്നു വന്നു.

2) <u>അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)</u>

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) <u>ക്യാഷ്, ബാങ്ക് നിയന്ത്രണം</u>

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലനിൽക്കുന്നു. സ്ഥാപനത്തിൽ നിലനിൽക്കുന്നു. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടില്ല

4) <u>നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം</u>

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) <u>വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം</u>

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.

6) <u>പേ റോൾ നിയന്ത്രണം</u>

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) <u>ആസ്തി നിയന്ത്രണം ഫലപ്രദമല്ല</u>

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം</u>

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/04/2021-24/04/2021 | 2020-21 | റിപ്പോർട്ട് ലഭിച്ചില്ല |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | 26/07/2016-10/08/2016 | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ എച്ച്.ക്യുII/8A-2489/195 തീയതി 06/10/2016 |

## 1-11 അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ മേൽ പറഞ്ഞ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് യഥാക്രമം 40, 5, 25, 160 എന്നീ നിരക്കുകൾ സഞ്ചയായിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി നിരക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി- കളക്ഷൻ തുക സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം 2020-21 വർഷത്തെ വസ്തുനികുതി കളക്ഷൻ ,ബാലൻസ് തുകകൾ ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ | 5751391 | 4970172 | 781219 |
| സാംഖ്യ | 5751391 | 4978098 | 773293 |

കളക്ഷൻ തുകയിൽ ഇപ്രകാരം വ്യത്യാസം വരുന്നതെങ്ങനെയെന്ന് വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/10.09.2021 ) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വിമുക്തഭടന്മാർക്ക് വസ്തുനികുതി ഇളവ്- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

തദ്ദേശസ്വയംഭരണ (ആർ സി ) വകുപ്പിന്റെ 26/05/2017 ലെ സ.ഉ (കൈ) നം.106 /17 ലെ ഖണ്ഡിക 6 പ്രകാരം കെട്ടിടനികുതി ഇളവിന് അർഹരായ വിമുക്തഭടന്മാർക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്നും കെട്ടിടനികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുന്നപക്ഷം പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്നും ഖണ്ഡിക 7 പ്രകാരം കെട്ടിടനികുതി ഇളവ് സംബന്ധിച്ച ക്രമക്കേട് കണ്ടെത്തുന്ന വിവരം രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 5-ാം വാർഡിൽ ലാൽമോഹൻ പി റ്റി എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ എന്ന ഉപയോഗക്രമത്തിലുള്ളതുമായ കെട്ടിടത്തിന്റെ 230.01 ച.മീറ്റർ തറവിസ്തീർണ്ണത്തിന് 5/408 എ,ബി,ഡി.ഇ.എഫ്.ജി എന്നീ കെട്ടിടനമ്പരുകൾ നൽകി വാണിജ്യാവശ്യത്തിനുള്ള 100 ച,മീറ്ററിൽ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 30/-

രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി 2020-21 രണ്ടാം അർദ്ധ വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും ഒരേ ഉപയോഗക്രമത്തിലുള്ളതുമായ ടി കെട്ടിടത്തിന് 100 ച,മീറ്ററിൽ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ 50/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി നിർണ്ണയിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ഓഡിറ്റ് പരാമർശത്തിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തുനികുതി -ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല

വസ്തുനികുതിയോടൊപ്പം ഈടാക്കുന്ന 2020-21 വർഷത്തെ ലൈബ്രറി സെസ്സ് സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി -കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ 811958/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവറുകളുടെ വസ്തുനികുതി-അപാകത

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി സഞ്ചയയിൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) മാനേജർ ഇൻഡസ് ടവർ ലിമിറ്റഡ് എന്ന ഉടമസ്ഥതയിലുള്ള 13/29/A നമ്പരിലുള്ള ടവറിന്റെ വസ്തുനികുതി സഞ്ചയ പ്രകാരം ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.22/9.9.21 ) മറുപടിയിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ടവർ അസസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബി) 11/94/C, 17/636 /A, 5/3A.9/165 A എന്നീ നമ്പരുകളുള്ളതും ബി എസ് എൻ എൽ ന്റെ ഉടമസ്ഥതയിലുള്ളതുമായ മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 വർഷം മുതൽ കുടിശ്ശികയാണ്. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സി) 5/406 /A എന്ന നമ്പരിലുള്ള മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 1.44 ച.മീറ്ററാണ്. ടി തറവിസ്തീർണ്ണത്തിന്റെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം.22/9.9.21 ) മറുപടിയിൽ നികുതിനിർണ്ണയം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (l) (li) (lii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരു വ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്.

1.ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| | |

| | |
|---|---|
| 1 | ഇത്തിത്താനം സർവീസ് സഹകരണബാങ്ക് നം.1297 |
| 2 | ഇത്തിത്താനം സർവീസ് സഹകരണബാങ്ക് നം 476 |
| 3 | മുത്തൂറ്റ് ഫിനാൻസ് |
| 4 | മധുരൈ മൈക്രോഫിനാൻസ് |
| 5 | ഫ്ലോറാടെക്സ് റബ്ബർ & പ്ലാസ്റ്റിക്സ് |
| 6 | യുണൈറ്റഡ് റബ്ബർ പ്രോഡക്ട്സ് |
| 7 | ജൂപ്പിറ്റർ റബ്ബേഴ്സ് |
| 8 | അന്നാ സ്റ്റീൽസ് |
| 9 | മരിയൻ ഇൻഡസ്ട്രീസ് |
| 10 | ഷാരോൺ പോളിമേഴ്സ് |
| 11 | എയ്ഞ്ചൽ റബേഴ്സ് |
| 12 | കോൺകോർഡ് അസോസിയേറ്റ്സ് |
| 13 | ലീ അസോസിയേറ്റ്സ് |
| 14 | എംബിഎം ഇൻഡസ്ട്രീസ് |
| 15 | മാർഷൽ റബേഴ്സ് |
| 16 | മലകുന്നം ക്ഷീരോത്പാദക സഹകരണസംഘം |
| 17 | സചിവോത്തമപുരം ക്ഷീരവ്യവസായ സഹകരണസംഘം |
| 18 | ഐറിൻ റബേഴ്സ് |
| 19 | കുടത്തിങ്കൽ ഫിനാൻസിയേഴ്സ് |
| 20 | റ്റീജെ ഇൻഡസ്ട്രീസ് |
| 21 | ഹോമിയോപ്പതിക് റിസർച്ച് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |

2.പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ ,കരാറുകാർ മുതലായയവയെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

<u>1-19 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (l) (li) (lii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കുറിച്ചി സർവീസ് സഹകരണ ബാങ്ക് .മന്ദിരം |
| 2 | ഇത്തിത്താനം ജനതാ സർവീസ് ബാങ്ക്, 1297 |
| 3 | കാനറാ ബാങ്ക്, കുറിച്ചി |
| 4 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് |
| 5 | എസ് ബി ഐ കുറിച്ചി |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെയും ടി സ്ഥാപനങ്ങളുടെ ഒന്നിലധികം ബ്രാഞ്ചുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം.4/02.09.2021) മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും സ്ഥാപനതൊഴിൽ അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ 2020-21 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ജീവനക്കാരിൽ നിന്ന് നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ ഓഫീസ് മേധാവി / സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| പേര് ,സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| മിനിമോൾ കെ ,സിഎച്ച്സി സചിവോത്തമപുരം | 129600 | 1000 | 1250 | 250 |
| മിനിമോൾ എൻ ജി, സിഎച്ച്സി സചിവോത്തമപുരം | 129600 | 1000 | 1250 | 250 |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകി ഓഡിറ്റ് എൻക്വയറി (5/3.9.21)യുടെ മറുപടിയിൽ കുറവുവന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കുറവുവന്ന തുക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത ഉറപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ജീവനക്കാരിൽ നിന്ന് നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ ഓഫീസ് മേധാവി / സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് പരിശോധിച്ചതിൽ രണ്ട് അർദ്ധവർഷങ്ങളിലും രാജാസ് ഇന്റർ നാഷണൽ സ്കൂൾ എന്ന സ്ഥാപനത്തിന്റെ തൊഴിൽനികുതി പത്രികയിൽ അടിസ്ഥാനശമ്പളമായി രേഖപ്പെടുത്തിയിരിക്കുന്ന തുക തന്നെ അർദ്ധവാർഷിക വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ തൊഴിൽനികുതിയുടെ കൃത്യത ഉറപ്പുവരുത്തിയതെങ്ങനെയെന്ന് വ്യക്തമല്ല. ഭൂരിഭാഗം

ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കിയിരിക്കുന്നത് 300, 450 രൂപ നിരക്കിലാണ് .വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (6 /3.9.21) യുടെ മറുപടിയിൽ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈടാക്കുന്ന തൊഴിൽ നികുതിയുടെ കൃത്യത ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ- വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

കുറിച്ചി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നടപടിക്രമങ്ങൾ, ട്രേഡേഴ്സ് ലിസ്റ്റ് തുടങ്ങിയവ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ച വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/ഉടമയുടെ പേര് | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | അജിത്ത് കെ എസ് | വർക്ക് ഷോപ്പ് |
| 2. | രാജേഷ് കുമാർ | ബാർബർ ഷോപ്പ് |
| 3. | സിന്ധു ശ്യാം | പച്ചക്കറി വ്യാപാരം |
| 4 | വിനോദ് കുമാർ പി ജെ | മൊബൈൽ ഷോപ്പ് |
| 5 | കെ എസ് റെജി | കള്ള് ഷാപ്പ് |
| 6 | കെ എസ് കുരുവിള | ക്രിസ്റ്റി ഷോപ്പ് |
| 7 | കറിയാകുട്ടി | സ്റ്റേഷനറി കട |
| 8 | റോസമ്മ ചാക്കോ | ജിപ്സി ഗാർമെന്റ്സ് |
| 9 | സിമിലിയ ഗോപിനാഥൻ, സിമിലിയ സെന്റർ | ലേഡീസ് സ്റ്റോർ |
| 10 | സിന്ധുരാജ് സുദർശൻ | ഷാപ്പ് |
| 11 | ചിക്കു ജെ ചെറിയാൻ | ബേക്കറി |

മേൽ സൂചിപ്പിച്ചവ കൂടാതെ പഞ്ചായത്ത് പരിധിയിൽ വരുന്ന റേഷൻ കടകൾ , കള്ള് ഷാപ്പുകൾ തുടങ്ങിയവയിൽ നിന്നും 2020-21ൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല . 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടിക പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ ഒരെണ്ണം പോലും പഞ്ചായത്തിന്റെ ലൈസൻസോട് കൂടി പ്രവർത്തിക്കുന്നില്ല . റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകളേയും ട്രഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -11/2020-21 തീയതി 06.09.2021) ലൈസൻസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.മേൽ സൂചിപ്പിച്ചവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 മോട്ടോർ ഫീ ഈടാക്കിയില്ല /കുറവായി ഈടാക്കി

### മോട്ടോർ ഫീ ഈടാക്കിയില്ല

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് . എന്നാൽ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നടപടിക്രമങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | വാർഡ് | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ടിയിരുന്ന മോട്ടോർ ഫീസ് |
|---|---|---|---|---|---|
| 1 | 17 | ജൂബി അലക്സ് | ഫിലിപ്പ് ആട്ടോ കെയർ പെട്രോൾ പമ്പ് | 3എച്ച്പി | 50 |
| 2 | 19 | സുജിത്ത് എൻ നായർ | ചേരിയിൽ ബ്രിക്സ് | 9എച്ച്പി | 100 |
| 3 | 13 | ബിനോയ് സി ഐ | വെസ്റ്റേൺ എന്റർപ്രൈസസ് | 5എച്ച്പി | 50 |
| 4 | 13 | ബിനോയ് സി ഐ | വെസ്റ്റേൺ എന്റർപ്രൈസസ് | 5എച്ച്പി | 50 |
| 5 | 17 | ബിനു കുരുവിള | ഹോളോബ്രിക്സ് നിർമ്മാണം | 9എച്ച്പി | 100 |
| 6 | 7 | ഷിബി എലിസബത്ത് കുരുവിള | മരിയൻ ഇൻഡസ്ട്രീസ് | 9എച്ച്പി | 100 |
| ആകെ | | | | | 450 |

### മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ്

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | വാർഡ് | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 17 | ലീലാമ്മ ഏബ്രഹാം | എപി റബർ ഇൻഡസ്ട്രീസ് | 85എച്ച്പി | 1000 | 500 | 500 |
| 2 | 17 | എൻ സി | യുണൈറ്റഡ് | 96എച്ച്പി | 1000 | 500 | 500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഫിലിപ്പ് | റബർ ഇൻഡസ്ട്രീസ് | | | | |
| 3 | 16 | പുന്നൂസ് കുട്ടി പി ചെറിയാൻ | പള്ളത്ത് ഐസ് പ്ലാന്റ് | 87എച്ച്.പി | 1000 | 500 | 500 |
| 4 | 2 | തോമസ് എബ്രഹാം | തോംസൺ റബ്ബേഴ്സ് | 40എച്ച്.പി | 400 | 200 | 200 |
| ആകെ | | | | | | | 1700 |

നിയമാനുസൃതമായ മോട്ടോർ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം -11/2020-21 തീയതി 06.09.2021) മോട്ടോർ ഫീ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമാനുസൃതമായി ഈടാക്കാനുള്ള മോട്ടോർ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ലൈസൻസ് ഫീസ് - പൊതുഅപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ലൈസൻസ് നടപടികളിലും ഡേറ്റാബേസ്, രജിസ്റ്റർ, രേഖകൾ സൂക്ഷിപ്പിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെയും വ്യവസായങ്ങളുടെയും ട്രേഡുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസിന്റെ ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല.

2.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

3. കളക്ഷൻ സംബന്ധിച്ച യാതോരു വിവരങ്ങളും രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -11/2020-21 തീയതി 06.09.2021)അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകി. മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഓഫീസ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

## 1-25 ഇ -ടെൻണ്ടർ ഫോം വില പഞ്ചായത്തിന് ലഭിച്ചില്ല

2020-21 വർഷത്തിൽ കുറിച്ചി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഇ ടെണ്ടർ ചെയ്ത പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നമ്പർ & പ്രോജക്റ്റിന്റെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|---|
| 1. | CMLRRP- കുമ്പാടിയുവരശ്മി റോഡ് | 3 | 2240 | 6720 |
| 2 | CMLRRP-പുലിക്കുഴിപൊക്കം തെക്കേപ്പറമ്പ് റോഡ് | 3 | 2240 | 6720 |
| 3 | CMLRRP-കാലായിൽപ്പടി അമ്മാനി റോഡ് | 3 | 3880 | 11640 |

| | | | | |
|---|---|---|---|---|
| 4 | CMLRRP-പത്തിൽകടവ് പാറേപ്പടി റോഡ് | 3 | 2240 | 6720 |
| 5 | CMLRRP-നാൽപതിൽ കവല ഔട്ട്പോസ്റ്റ് റോഡ് | 1 | 2240 | 2240 |
| 6 | CMLRRP-പൊൻപുഴ കല്യാണിമുക്ക് റോഡ് (റീ ടെണ്ടർ) | 1 | 896 | 896 |
| 7 | CMLRRP-നാൽപതിൽ കവല ഔട്ട്പോസ്റ്റ് റോഡ് | 1 | 2240 | 2240 |
| 8 | 7/21 ഗവ.മലകുന്നം സ്കൂൾ നവീകരണം | 1 | 1232 | 1232 |
| 9 | 95/21- വില്ലേജ്പടി സചിവോത്തമപുരം കോളനി റോഡ് നവീകരണം | 2 | 1340 | 2680 |
| 10 | CMLRRP- പ്രതിഭ ജംഗ്ഷൻ സചിവോത്തമപുരം കോളനി റോഡ് | 2 | 2360 | 4720 |
| 11 | CMLRRP- കോയിപ്പുറം നാല് സെന്റ് കോളനി വെട്ടിക്കുഴി അമ്പലക്കുഴി റോഡ് | 2 | 2360 | 4720 |
| 12 | CMLRRP ചാമക്കുളം വില്ലേജ് റോഡ് | 2 | 2360 | 4720 |
| 13 | CMLRRP-ലവ്‌ലിലാന്റ് -പാടിയത് ലവ്‌ലിലാന്റ്- ചാമപ്പറമ്പ് റോഡ് | 2 | 3304 | 6608 |
| | ആകെ | | | 61856 /- |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച 61856/ - രൂപ ഈ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (കറണ്ട് അക്കൗണ്ട് നമ്പർ- 37705475369, SBI കുറിച്ചി ) ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും ഫോം വില പഞ്ചായത്ത് ഫണ്ടിലേക്കും ജി എസ് റ്റി, അതിന്റെ ശീർഷകത്തിലും ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## <u>1-26 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു</u>

കുറിച്ചി ഗ്രാമപഞ്ചായത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ രജിസ്റ്ററും പരിശോധിച്ചപ്പോൾ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക |
|---|---|---|---|---|---|
| അന്നമ്മ ഐപ്പ് | വാർദ്ധക്യ പെൻഷൻ | 105560201456 | 25.03.2021 | 4/2021 മുതൽ | 3200 (1600*2) |

| | | | | | |
|---|---|---|---|---|---|
| | | | | 5/21 വരെ | |
| ചാക്കോ കുരുവിള | വാർദ്ധക്യ പെൻഷൻ | 105560200796 | 07.03.2021 | 4/2021 മുതൽ 8/21 വരെ | 8000 (1600*5) |
| സാറാമ്മ സ്കറിയ | വാർദ്ധക്യ പെൻഷൻ | 105560203106 | 10.12.2020 | 1/2021 | 1500 |
| മറിയാമ്മ ജോസഫ് | വാർദ്ധക്യ പെൻഷൻ | 101880203691 | 16.12.20 | 1/2021 മുതൽ 8/21 വരെ | 12500 (1500*3 + 1600*5) |
| പി വി വർഗ്ഗീസ് | വാർദ്ധക്യ പെൻഷൻ | 105560200613 | 15.09.2020 | 10/2020 | 1500 |
| അമ്മിണി കുട്ടൻ | കർഷക തൊഴിലാളി പെൻഷൻ | 105610100593 | 17.07.20 | 8/2020 മുതൽ 11/20വരെ | 4200 (1400*3) |
| സി ജോസ് | വാർദ്ധക്യ പെൻഷൻ | 105560202307 | 28.08.20 | 9/2020 മുതൽ 10/20വരെ | 2400 ( 1400*2) |
| ചാക്കോ ഉതുപ്പാൻ | കർഷക തൊഴിലാളി പെൻഷൻ | 105560101078 | 14.12.20 | 01/21 | 1500 |
| ആകെ | | | | | 34800 |

ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ കുറിച്ചി ഗ്രാമപഞ്ചായത്തിൽ 19 -20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 27,/2020-21, തീയതി - 10/09/2021, നം - 28/2020-21, തീയതി - 13/09/2021 ) മരണവിവരം യഥാസമയം രജിസ്റ്റർ ചെയ്യാത്തതിനാലാണ് ഇത്തരം അപാകത സംഭവിച്ചത് എന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 34800/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ്.

<u>1-27 ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു</u>

ഗ്രാമപഞ്ചായത്തിൽ കരാർ വ്യവസ്ഥയിൽ എൻ ആർ ഇ ജി എ യിൽവിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്ത ഇനത്തിൽ ചുവടെ ചേർക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ജീവനക്കാരൻ |
|---|---|---|
| 2200144 /26.03.2020 | 12020/- | സിന്ധുമോൾ പി റ്റി , അക്കൌണ്ടന്റ് |
| 2200144 /26.03.2020 | 12020/- | പിങ്കു എബ്രഹാം , ഓവർസിയർ |
| 21901206/31.03.2021 | 9897/- | സിന്ധു പി റ്റി ,അക്കൌണ്ടന്റ് |

പ്രസ്തുത ജീവനക്കാരുടെ സേവന പുസ്തകം സൂക്ഷിക്കുന്നിന്റെ വിശദാംങ്ങൾ ലഭ്യമാക്കേണ്ടതാണ്. സേവനപുസ്തകത്തിൽ രേഖപ്പടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയും ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയത് ക്രമപ്രകാരമല്ല. ജീവനക്കാരുടെ സേവനവിവരങ്ങളും അവധിവിവരങ്ങളും ആർജ്ജിതാവധികൾ സറണ്ടർ ചെയ്തതിന്റെ വിശദാംശങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-28 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം2007-08 മുതൽ നൂറോളംകേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിക്കുന്ന തുകയുടെ (30000 രൂപയാണ് ഓഡിറ്റുവർഷങ്ങളിൽ ചെലവഴിച്ചത്) കൃത്യതയും വ്യക്തമല്ല. മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/08.09.2021) 10000രൂപ വക്കീലിനു നൽകിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റുവർഷം ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് നടത്തിയ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ-സംയുക്ത പരിശോധന നടത്തുന്നതിൽ വീഴ്ച

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ എല്ലാ മാസവും ടാപ്പിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 71669 രൂപ (156 ടാപ്പുകൾക്ക്) വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നു.

ജി.ഒ(ആർ.ടി)നം.1801/2006തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംയുക്ത പരിശോധനയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിട്ടി എക്സ്സിക്യൂട്ടീവ് എൻജിനീയർക്കു നൽകിയ23.06.2021തീയതിയിലെM5-2290/2021നമ്പർ കത്ത് പ്രകാരം 48പൊതുടാപ്പുകൾ മാത്രമെയുള്ളൂവെന്ന് കമ്മറ്റി വിലയിരുത്തിയതായി സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ KWA നിന്നും മറുപടി നൽകിയതിന്റെയോ പരിശോധന നടത്തിയതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിന് ലഭിച്ചിട്ടില്ല. നിലവിലുള്ള പല ടാപ്പുകളും പ്രവർത്തനക്ഷമമല്ല എന്ന് ഓഡിറ്റിൽ നടത്തിയ അന്വേഷണത്തിൽ അറിയുന്നു.(കൃത്യമായ എണ്ണം തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.)മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/08.09.2021)സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതുമൂലം തനതു ഫണ്ടിൽ നിന്നും പാഴ്‌ച്ചെലവ് ഉണ്ടാകുന്നുണ്ട്. ടാപ്പുകൾ പ്രവർത്തനക്ഷമമല്ലാതായ കാലയളവു മുതൽ നാളിതുവരെ ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്‌ച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ നഷ്ടം ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടും അധികൃതർ യഥാസമയം ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല. ആയതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ എത്രയും വേഗം തിട്ടപ്പെടുത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉണ്ടാകുന്ന പാഴ്‌ച്ചെലവ് ഒഴിവാക്കേണ്ടതാണ്.

## 1-30 ജലനിധി -സുസ്ഥിരവികസന പദ്ധതി നടത്തിപ്പ്

കുറിച്ചി ഗ്രാമപഞ്ചായത്തിൽ 2013 - 14 മുതൽ ജലനിധി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനും ഫണ്ട് ചെലവഴിക്കുന്നുണ്ട്. തൊടുപുഴയിലെ റീജിയണൽ പ്രൊജക്റ്റ് മാനേജ്‌മെൻറ് യൂണിറ്റ് ഡയറക്ടറുടെ 15.06.2020 ലെ KRWSA / RPMU / IDK / 357/ 2016 - IA 2 നമ്പർ കത്ത് പ്രകാരം രണ്ടാം ജലനിധി പഞ്ചായത്തുകളിലെ ജലഗുണനിലവാര പ്രശ്നമുള്ളതും സ്രോതസ്സുകൾ അപര്യാപ്തമായതുമായ പദ്ധതികൾക്ക് കേരള സർക്കാർ അനുവദിച്ചിട്ടുള്ള സുസ്ഥിര പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കാൻ തീരുമാനിച്ചിരുന്നയായി ഗ്രാമപഞ്ചായത്തിൽഅറിയിച്ചിരുന്നു . ഗുണനിലവാര പ്രശ്നമുള്ള പദ്ധതികളുടെ ജലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതാണ് എന്ന വിവരവും കത്തിൽ സൂചിപ്പിച്ചിരുന്നു.

കുറിച്ചി ഗ്രാമപഞ്ചായത്തിൽ ചുവടെ സൂചിപ്പിയ്ക്കുന്ന കുടിവെള്ള പദ്ധതികൾ സുസ്ഥിര വികസന പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നു.

1. പെമ്പാച്ചിറ കുടിവെള്ള പദ്ധതി
2. വെളുത്തേടത്ത് കുടിവെള്ള പദ്ധതി
3. ജലകന്യക കുടിവെള്ള പദ്ധതി

മേൽ സൂചിത കുടിവെള്ള പദ്ധതികളിലെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതിനാലാണ് സുസ്ഥിര വികസന പദ്ധതിയിലേക്ക് തെരഞ്ഞെടുത്തത്. 2019 - 20 സാമ്പത്തിക വർഷം 14,00,000 രൂപ ടി പ്രൊജക്ടുകൾക്കായി വരവ് വന്നിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം വരെ തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വൻ തുക ചെലവഴിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതികൾ തുടർപ്രവർത്തനം സാദ്ധ്യമാവാതെ നിഷ്ക്രിയമായിപ്പോകുന്ന അവസ്ഥയിലാണ്.കൂടാതെ കമ്മിഷൻ ചെയ്ത17 കുടിവെള്ള പദ്ധതികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുമില്ല. ഭരണസമിതിയുടെ സത്വരശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-31 ശ്മശാന പ്രവർത്തനം-തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടത്

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 3-ാം വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ അനുവാദവും ലൈസൻസും നേടാതെ അനധികൃതമായിശ്മശാനം പ്രവർത്തിയ്ക്കുന്നതായും ടി ശ്മശാനത്തിൽ ശവശരീരങ്ങൾ മറവുചെയ്യുമ്പോൾ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ ജലസ്രോതസിനെ മലിനമാക്കുന്നതായും ആയത് പരിസരവാസികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിയ്ക്കുന്നതായും പരാതി ലഭിച്ചിരുന്നു. ശവമടക്കുന്നതുമായി ബന്ധപ്പെട്ട തിരക്ക് സമീപവാസികളുടെ ജീവിതം ദുസ്സഹമാക്കുന്നയായി പരാതിയും ലഭിച്ചിട്ടുണ്ട്. പരാതി ജില്ലാമെഡിക്കൽ ഓഫീസർ മുഖാന്തിരം കളക്ടർ പരിശോധിയ്ക്കുകയും ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്ന ശ്മശാനത്തിലെ പ്രവർത്തനം നിറുത്തിവയ്ക്കുന്നതിനും

നിർദ്ദേശിച്ചിരുന്നു. പരാതിയിൽ അന്വേഷണം നടത്തിയതിൽ കുറിച്ചി ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ മന്ദിരം കവലയ്ക്ക് പടിഞ്ഞാറ് പള്ളത്രു കവലയിൽ കുറിച്ചി പുത്തൻ തോട് പഴയ എം.സി റോഡ് കിഴക്ക് ഭാഗത്തായി ചിങ്ങവനം ചർച്ച് ഓഫ് ഗോഡ് (ന്യൂ ഇൻഡ്യ) വകയായിട്ടുള്ള സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ അനുവാദം വാങ്ങാതെ രണ്ട് വാൾട്ടുകൾ നിർമ്മിച്ചിട്ടുള്ളതായും അതിൽ ശവം മറവു ചെയ്യുന്നതായും ശ്മശാനത്തിന്റെ പരിസരം കാട്ടു ചെടികൾ വളർന്ന് ക്ഷുദ്രജീവികൾക്ക് വിഹാരകേന്ദ്രമായി മാറുകയിട്ടുള്ളതായും ഭൗതികപരിശോധനയിൽ ബോദ്ധ്യപ്പെട്ടിരുന്നു.

വസ്തുതകൾ ബോദ്ധ്യപ്പെടുത്തിയിട്ടും 1994 കേരളാപഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ ) ചട്ടങ്ങൾ 6(1) പ്രകാരം ശ്മശാനം ആരംഭിയ്ക്കുന്നതിനുള്ള ലൈസൻസ് ജില്ലാകളക്ടറിൽ നിന്നും വാങ്ങി നാളിതുവരെ ഗ്രാമപഞ്ചായത്തിൽ നൽകിയിട്ടില്ല. അപ്രകാരമുള്ള ലൈസൻസ് നേടിയിട്ടില്ലാത്ത സാഹചര്യത്തിൻ മേൽ ചട്ടങ്ങളിലെ ചട്ടം (8) പ്രകാരം മേൽ സ്ഥലത്ത് ശവം കൈയ്യൊഴിക്കുന്നതിന് ഉപയോഗിക്കുന്നതിനെതിരെ നോട്ടീസ് നൽകേണ്ടതും ചട്ടലംഘനം നടത്തുന്ന പക്ഷം 1994ലെ കേരളാപഞ്ചായത്ത് രാജ് നിയമങ്ങളും അനുബന്ധ ചട്ടങ്ങളും അനുശാസിയ്ക്കുന്ന നിയമ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## <u>1-32 സിഎഫ് എൽ റ്റി സി സംവിധാനം</u>

കോവിഡ്- 19വ്യാപനം തടയുന്നതിന് വേണ്ടി സ.ഉ(സാധാ) നം.1364/2020/ത.സ്വ.ഭ.വ തീയതി 16.07.2020-ലെ തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ആരോഗ്യവകുപ്പും, ജില്ലാദുരന്തനിവാരണ അതോറിട്ടിയും ചേർന്ന് പ്രത്യേകമായി തയ്യാറാക്കുന്ന ആരോഗ്യ പരിപാലന കേന്ദ്രങ്ങളാണ് COVID FIRSTLINE TREATMENT CENTRE (CFLTC) കോവിഡിന്റെ സമൂഹവ്യാപനമുണ്ടായാൽ നിലവിലുള്ള പൊതു ജനാരോഗ്യ സംവിധാനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അവശ്യ സൌകര്യങ്ങളുള്ള പ്രാദേശികകേന്ദ്രങ്ങളായാണ് സിഎഫ് എൽ റ്റി സി കളെ വിഭാവനം ചെയ്തിട്ടുള്ളത്. ചികിത്സ, ചികിത്സയുമായി ബന്ധപ്പെട്ട ഉപാധികൾ, ഉപകരണങ്ങൾ, മരുന്നുകൾ, എന്നിവ ഒഴികെയുള്ള എല്ലാ ഭൗതിക സാഹചര്യം ഒരുക്കലിന്റെയും ദൈനംദിന നടത്തിപ്പിന്റെയും ഭക്ഷണം, ശുചിത്വം എന്നിവയുടെയും ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്. ആയതിനായി ചുവടെ സൂചിപ്പിയ്ക്കും പ്രകാരം ഒരു <u>മാനേജിംഗ് കമ്മറ്റി</u> രൂപീകരിച്ചിട്ടുണ്ട്.

ചെയർപെഴ്സൺ- തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻ

വൈസ്ചെയർപെഴ്സൺ- ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ

കൺവീനർ-എം.ഒ, പിഎച്ച്സി/സിഎച്ച്സി

ജോയിന്റ് കൺവീനർ -തദ്ദേശസ്വയംഭരണസ്ഥാപനം തീരുമാനിയ്ക്കുന്ന നോഡൽ ഓഫീസർ

മെമ്പർ-വാർഡ് മെമ്പർ /സെക്രട്ടറി

കുറിച്ചി ഗ്രാമപഞ്ചായത്തിൽ National Homeopathic Research Institute In Mental Health എന്ന സ്ഥാപനത്തിലാണ് സി എഫ് എൽ റ്റി സി പ്രവർത്തിച്ചുവരുന്നത്. നൂറിൽ കൂടുതൽ കിടക്കകൾ പ്രസ്തുത കേന്ദ്രത്തിൽ രോഗികൾക്കായി സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ക്വാറന്റൈനിലുള്ള ജീവനക്കാരെ താമസിപ്പിയ്ക്കുന്നതിനായി ഹോമിയോ കോളേജ് ഹോസ്റ്റലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

<u>ഉത്തരവു പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ</u>

1.തിരിച്ചു നൽകേണ്ട സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

2.സംഭാവനയായി ലഭിച്ച സാധനങ്ങളുടെ രജിസ്റ്റർ

3.സംഭാവനയായി ലഭിച്ച പണത്തിന്റെ രജിസ്റ്റർ

4.സ്റ്റോക്ക് രജിസ്റ്റർ

5.ആസ്തി രജിസ്റ്റർ

6.വരവു ചെലവു കണക്കു വ്യക്തമാക്കുന്ന രജിസ്റ്റർ

7.റൂം ക്ലീനിംഗ് ചാർട്ട്

8.വാർഡ് ക്ലീനിംഗ് ചാർട്ട്
9.റ്റോയ് ലെറ്റ് ക്ലീനിംഗ്ചാർട്ട്
10. Register Of Essential And Non -Essential Items
മേൽ സൂചിത രജിസ്റ്ററുകൾ തദ്ദേശസ്വയംഭരണസ്ഥാപനം കൃത്യമായും കാലികമാക്കിയും സൂക്ഷിച്ചിട്ടില്ല.

<u>സി എഫ് എൽ റ്റി സി യിൽ ഉപയോഗിച്ചിരുന്ന വാഹനങ്ങൾ</u>

ആറു വാഹനങ്ങളാണ് സി എഫ് എൽ റ്റി സി ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നത്. ഒരു ആംബുലൻസ് ഉൾപ്പെടെ മൂന്ന് വാഹനങ്ങൾ സൗജന്യമായി ഓടിയ്ക്കുന്നതും, മറ്റുള്ളവ വാടകയ്ക്ക് എടുത്തതും. മാനേജ്മെന്റ് കമ്മറ്റി തീരുമാനിച്ച നിരക്കിലാണ് ഡ്രൈവർമാർക്ക് ദിവസവേതനം നൽകുന്നത്.

<u>കുടിവെള്ള വിതരണം</u>

15000 ലിറ്ററിന്റെ ഒരു ടാങ്കർ ലോറിയ്ക്ക് 1450/- രൂപ നിരക്കിലാണ് നൽകുന്നത്.

<u>മാലിന്യ സംസ്കരണം</u>

അജൈവമാലിന്യങ്ങൾ സംസ്കരിയ്ക്കുന്നത്Indian Medical Association Goes Ecofriendly( IMAGE)എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിലാണ്. ജൈവമാന്യം ഉറവിടത്തിൽ തന്നെ സംസ്കരിയ്ക്കുന്ന രീതിയാണ്.

<u>ദിവസവേതനക്കാർ</u>

ശുചീകരണതൊഴിലാളികളെ ആരോഗ്യ വകുപ്പ് മാനദണ്ഡങ്ങൾ പ്രകാരമുള്ള നിരക്കിൽ വേതനം നൽകി നിയമിയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. എന്നാൽ പ്രസ്തുത നിരക്കിൽ സിഎഫ് എൽ റ്റിസിയിൽ ജോലി ചെയ്യാൻ ജീവനക്കാർ തയ്യാറാകാത്തതിനാൽ മാനേജിംഗ് കമ്മറ്റി നിശ്ചയിച്ച നിരക്കിൽ ജീവനക്കാർക്ക് ജോലി ചെയ്യുന്ന കാലയളവിലും ക്വാറന്റൈൻ സമയത്തും ദിവസവേതനം നൽകിയിട്ടുണ്ട്.

<u>സാമ്പത്തിക വിശകലനം</u>

സ.ഉ(സാധാ) നം1364/2020/ത.സ്വ.ഭ.വ തീയതി16.07.2020-ലെ തീരുമാനപ്രകാരം നൂറിൽ കൂടുതൽ കോവിഡ് കിടക്കകൾ സജ്ജീകരിച്ചിട്ടുള്ള സിഎഫ് എൽ റ്റിസിയ്ക്കു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് 40ലക്ഷം രൂപ വരെ ചെലവഴിയ്ക്കാവുന്ന താണ്. പണമിടപാടുകൾക്കായി ദേശസാൽകൃതബാങ്കിൽ ഒരു അക്കൌണ്ട് (Canara Bank Kurichy A/C No.6499101002714)ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന തനതുഫണ്ട് ആവശ്യാനുസരണം ചെലവഴിയ്ക്കുന്നു. കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ വാർഷികകണക്കുപ്രകാരം 67 ലക്ഷംരൂപ സി എഫ് എൽ റ്റി സി പ്രവർത്തനങ്ങൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്. പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ വിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് DDMA-യിൽ നിന്നും തുക റീഇംബഴ്സ് ചെയ്തു കിട്ടുന്നത്. ഡിഡിപി കോട്ടയം എൽ എസ് ജി സെക്രട്ടറിയ്ക്കയച്ച കത്തിൽ (DDP-KTM/304/2020-G-4 Dtd. 19/02/2021)67ലക്ഷംരൂപ ചെലവഴിച്ചതിൽ DDMA-യിൽനിന്നും 43 ലക്ഷംരൂപ റീഇംബഴ്സ് ചെയ്തും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സൂചിത ചെലവുകൾ കൂടാതെ 280/21 നം പ്രോജക്ട് പ്രകാരം 906789 രൂപ സി എഫ് എൽ റ്റി സി പ്രവർത്തനങ്ങൾക്കായിചെലവഴിച്ചിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിയ്ക്കേണ്ട തനതുഫണ്ടിൽ ഉണ്ടാകുന്ന കുറവ് പദ്ധവിഹിതം വകയിരുത്തി പരിഹരിയ്ക്കണം എന്നും ഡിഡിപിയുടെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കുറിച്ചി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച CFLTC യുടെ 01/08/2020 മുതൽ 31/03/2021വരെയുള്ള കാലയളവിലെ ചെലവ് വിവരം (സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം)

| ഇനം | തുക |
|---|---|
| മാലിന്യ സംസ്കരണം | 2,85,606 |
| | |

| | |
|---|---|
| ട്രാൻസ്പോർട്ടേഷൻ | 22,520 |
| കുടിവെള്ളം | 4,94,200 |
| സ്റ്റേഷനറി(മെഡിക്കൽ ഉൾപ്പെടെ) | 21,24,237 |
| മൊബൈൽ ഫോൺ ചാർജിങ്ങ് | 3,281 |
| ക്ലീനിംഗ് & റിപ്പയർ | 83,148 |
| ഭക്ഷണം | 32,40,715 |
| ഹോണറേറിയം | 12,92,160 |
| ആകെ | 75,45,867 |

Uuuuuuu

1-33 ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

എസ്.സി വിഭാഗത്തിൽപ്പെട്ട 60 വയസിന് മേൽ പ്രായമുള്ളവർക്ക് കട്ടിൽ എന്ന പ്രോജക്ട് ( നം .356 ) പ്രകാരം 50850/- രൂപ (ബിൽ നമ്പർ 3/30.11.2020 ) 15 കട്ടിലിന്റെ വിലയായി മുണ്ടുകുന്നേൽ ഏജൻസീസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിന്റെയും ലഭിച്ച ടെണ്ടറുകളുടെയും സപ്ളെ ഓർഡർ നൽകിയതിന്റെയും സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെയും വിശദാംശങ്ങൾ ഫയലിലില്ല. ലഭിച്ച കട്ടിലിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരം ഇൻവോയിസിൽ ഇല്ലാത്തതിനാൽ (കട്ടിൽ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്) സർക്കാർ നിർദ്ദേശ പ്രകാരമുള്ള സ്പെസിഫിക്കേഷനുള്ള കട്ടിലാണോയെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതുവരെ പ്രോജക്ടിനായി ചെലവഴിച്ച 50850/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 കൃഷി ഓഫീസർ 2020-21 ൽ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

പ്രോജക്ട് നമ്പർ 346/2020-21, നെൽകൃഷി വികസനം -വിത്ത് വിതരണം
അടങ്കൽ - 1500000/- (വികസന ഫണ്ട്-14.2 ലക്ഷം+തനത് ഫണ്ട്-80000)
ചെലവ് - 1500000/- (വികസന ഫണ്ട്-14.2 ലക്ഷം+തനത് ഫണ്ട്-80000)
നിർവ്വഹണം -കൃഷിഓഫീസർ
കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 346/2021 പ്രകാരം 15 ലക്ഷം രൂപ 16 പാടശേഖരസമിതി വഴി 38554കി.ഗ്രാം നെൽ വിത്ത് വിതരണം നടത്തിയിട്ടുണ്ട്.
സ.ഉ (കൈ)നം 22/2018/തസ്വഭവ തീ 14/02/2018 പ്രകാരം കൃഷി വകുപ്പ്, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (VFPCK) എന്നിവിടങ്ങളിൽ നിന്നും യഥാർത്ഥ വില നല്കി വാങ്ങുന്ന വിത്ത് 100% സബ്സിഡിയോടെ കർഷകർക്ക് കൃഷിഭവൻ/ഇക്കോഷോപ്പ് വഴി പാടശേഖരസമിതികൾക്ക് വിതരണം ചെയ്യുന്നതിന് അനുമതിയുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കൃഷി ഓഫീസർ പാടശേഖരസമിതിക്ക് വിത്ത് നല്കുന്നതിന് ഉള്ള അനുമതി പത്രം കുറിച്ചി സർവ്വീസ് സഹകരണ ബാങ്കിന് നല്കുകയും ബാങ്ക് 39.50/- രൂപ വിലയുള്ള വിത്ത് സമിതിക്ക് നല്കുകയുമാണ് ചെയ്തിട്ടുള്ളത്.
വിതരണം ചെയ്ത വിത്തിന്റെ വില 39.50 രൂപയാണെന്ന് തെളിയിക്കുന്നതിന് നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നുള്ള ബില്ലിന്റെ പകർപ്പ് രേഖ ഫയലിൽ ലഭ്യമല്ല.
നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും നേരിട്ടുവാങ്ങുമ്പോൾ ലഭിക്കേണ്ട ഡിസ്കൗണ്ട് തുകയുടെ നേട്ടം പഞ്ചായത്തിനോ ഗുണഭോക്താക്കൾക്കോ ലഭിച്ചിട്ടില്ല.
നെൽ വിത്ത് അംഗീകൃത ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങി വിതരണം നടത്തണമെന്ന് മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഇടനിലയായി കുറിച്ചി സർവ്വീസ് സഹകരണ ബാങ്കിനെ ചുമതലപ്പെടുത്തി.

കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് വാങ്ങി നൽകിയ വിത്തുകൾ വിവിധ പാടശേഖര സമിതികൾ കൈപ്പറ്റിയതായി രേഖയില്ല.

നെൽവിത്തിന്റെ വില സംബന്ധിച്ച് നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നുള്ള ആധികാരിക രേഖയില്ലാത്തതിനാൽ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് നൽകിയ ബില്ലിലെ തുകയുടെ കൃത്യത നിർണ്ണയിക്കാനായിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പാലിച്ച് ഭാവിയിൽ പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും വിത്ത് വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-35 വെറ്ററിനറി സർജൻ 2020-21 ൽ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

താഴെപ്പറയുന്ന പ്രോജക്ടുകളിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ആടുകളെ ഇൻഷ്വർ ചെയ്തതായി രേഖയില്ല.

| പ്രോജ.നം., പേര് | ഗുണഭോക്താക്കളുടെ പേര് | ചെലവ് |
|---|---|---|
| പ്രോജ. നം.342/2020-21, എസ്.സി വനിതകൾക്ക് പെണ്ണാട് അടങ്കൽ - 1.5 ലക്ഷം (എസ്.സി.പി-112500+ഗ.വി.-37500) ചെലവ് - 1.5 ലക്ഷം (എസ്.സി.പി-112500+ഗ.വി.-37500) | 1.സുമ, കുറിഞ്ഞിക്കാട് 2.ശ്രീജമോൾ, വടക്കേപറമ്പിൽ (സാംഖ്യ ബിൽ, കൈപ്പറ്റ് എന്നിവയില്ല) 3.ബിന്ദു പ്രസാദ്, പുതുപ്പറമ്പിൽ 4.സന്ധ്യാ ഭാസ്കരൻ, ചാലയ്ക്കപ്പറമ്പ് 5.ലളിതമ്മ, തുണ്ടിപ്പറമ്പിൽ 6.ജിസ്സിമോൾ, പുളിന്തറ വീട് 7.രാധിക ശശി, ഇലഞ്ഞിപ്പറമ്പ് | 150000/- (ബിൽ നം.30/23.3.2021, 25/9.3.2021, 21/26.2.2021, 10/6.1.2020, 8/6.11.2020, 6/6.11.2020) |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/2020-21 ) ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കുമെന്നറിയിച്ചെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. രേഖകൾ ലഭ്യമാകുന്നത് വരെ പ്രൊജക്ടിനായി ചെലവഴിച്ച 150000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല

കുറിച്ചി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല.

കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 257/21 പേരോത്തു മുക്ക് നടപ്പുറം റോഡ് റീട്ടാറിംഗ് കരാറുകാരൻ- കെ .സി .ഉതുപ്പൻ , നൈസ്സേറിൽ ഹൌസ്, നിലംപേരൂർ , കുറിച്ചി | 9 | വില 2142/- ജി.എസ്.ടി 18%- 386/- |
| 2 | വൈ എം എ കുട്ടനാകരി റോഡ് റീടാറിംഗ് - കരാറുകാരൻ- സി. അബ്റഹാം, ചിലമ്പാട്ടുശ്ശേറിൽ, | 13 | 3094 18%- 557 |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.17/8.09.2021) മറുപടി ലഭ്യമാക്കിയതിൽ 5236 രൂപ ബാരൽവിലയും 944/- രൂപ ജി.എസ്.ടി യും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. ബാരൽവിലയും ജി.എസ്.ടി യും ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-37 വീട് വാസയോഗ്യമാക്കൽ -പൂർത്തിയായിട്ടില്ല

1) 2020-21 വർഷം വി.ഇ.ഒ, മലകുന്നം നിർവഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എസ്.സി (പ്രോജക്ട് നമ്പർ -100/21) എന്ന പ്രോജക്ട് പ്രകാരം തുക നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പൂർത്തീകരിച്ചിട്ടില്ല.

| ക്രമനമ്പർ | പേര് | കൈപ്പറ്റിയ തുക(രൂപ) |
|---|---|---|
| 1 | ശാന്തമ്മ സി കെ.തോപ്പിൽ | 65000/- |
| 2 | സുമതി നാരായണൻ, പാലമൂട്ടിൽ | 70000/- |
| 3 | വാസുദേവൻ വി ജി, വാല്യപറമ്പിൽ | 50000/- |
| 4 | അമ്മിണി സോമൻ കൊച്ചുവീട് | 50000/- |
| 5 | കെ.കെ രാമകൃഷ്ണൻ, സാഗർഭവൻ | 70000/- |
| 6 | വി കെ ഭാരതി | 50000/- |
| | | |

| | | |
|---|---|---|
| 7 | അനിയൻ കെ കെ കുറ്റികണ്ടത്തിൽ | 50000/- |
| 8 | ബാബുകുമാർ കെ.കുരട്ടിമല | 50000/- |
| 9 | പി എം ബാലൻ | 50000/- |
| 10 | എ കെ സുകുമാരൻ, ആനക്കുഴി | 50000/- |
| 11 | ബാബു കെകെ, കല്ലുതറ | 50000/- |

2)2020-21 വർഷം വിഇഒ, കുറിച്ചി നിർവഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (പ്രോജക്റ്റ് നമ്പർ -43/21)എന്ന പ്രോജക്റ്റ് പ്രകാരം തുക നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പൂർത്തീകരിച്ചില്ല.

| ക്രമനമ്പർ | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സാമുവൽ കെ ജെ ,കുന്നേൽ | 25000/- രൂപ |
| 2 | ശാന്തമ്മ തങ്കപ്പൻ,കുളത്തുങ്കൽ | 25000/- രൂപ |
| 3 | അന്നമ്മ ജോസഫ് ,കുറുക്കശ്ശേരി | 25000/- രൂപ |
| 4 | കൃഷ്ണൻകുട്ടി ,പാറപ്പറമ്പില് | 25000/- രൂപ |
| 5 | അംബിക എം കെ | 25000/- രൂപ |

3) 2020-21വർഷം വിഇഒ ,കുറിച്ചി നിർവഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (പ്രോജക്റ്റ് നമ്പർ -334/21)എന്ന പ്രോജക്റ്റ് പ്രകാരം 25000/- രൂപ വീതം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പൂർത്തീകരിച്ചില്ല..

1.അനിൽകുമാർ പിജി, പുളിംപറമ്പിൽ

2.ദേവകി, ശങ്കരപുരം

4)2020-21വർഷം വി.ഇ.ഒ, മലകുന്നം നിർവഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എസ്.സി (പ്രോജക്റ്റ് നമ്പർ -203/21) എന്ന പ്രോജക്റ്റ് പ്രകാരം 50000/-രൂപ അഡ്വാൻസ് നൽകിയ രാജപ്പൻ സി ജി എന്ന ഗുണഭോക്താവ് വീട് വാസയോഗ്യമാക്കൽ പൂർത്തീകരിച്ചിട്ടില്ല.

5)2020-21വർഷം വി.ഇ.ഒ, മലകുന്നം നിർവഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എസ്.സി (പ്രോജക്റ്റ് നമ്പർ -118/21) എന്ന പ്രോജക്റ്റ് പ്രകാരം 105000/-രൂപ നൽകിയ കുഞ്ഞുമോൾ, പുതുപ്പറമ്പിൽ എന്ന ഗുണഭോക്താവ് വീട് വാസയോഗ്യമാക്കൽ പൂർത്തീകരിച്ചിട്ടില്ല.

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-38 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ മുൻവർഷങ്ങളിലുൾപ്പടെ ലഭ്യമായ ഗ്രാന്റിൽ 1.14 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31/03/2021 ലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | കണക്ക് | അവശേഷിക്കുന്ന | റിമാർക്ക്സ്/ഫണ്ട് വിശദാംശം |
|---|---|---|---|

| നം. | ശീർഷകം | തുക(31/03/2021) | |
|---|---|---|---|
| 1. | 320100116 | 53,843/- | സർവ്വ ശിക്ഷ അഭിയാൻ(SSA) |
| 2. | 320100121 | 2,720,180/- | ICDS ഫണ്ട് |
| 3. | 320100299 | 50,000/- | കേന്ദ്ര സർക്കാർ ഗ്രാന്റ് |
| 4. | 320200319 | 754,650/- | ഖരമാലിന്യ സംസ്കരണ ഗ്രാന്റ് |
| 5. | 320200322 | 2,083,435/- | ശുചിത്വ മിഷൻ ഗ്രാന്റ് |
| 6. | 320300102 | 1,477,733/- | ജലനിധി ഫണ്ട് |
| 7. | 320300199 | 1,366,733/- | മറ്റ് സർക്കാർ ഏജൻസി ഗ്രാന്റ് |
| 8. | 320400199 | 20,000/- | ധനകാര്യ സ്ഥാപന ഗ്രാന്റ് |
| 9. | 320700204 | 1,531,460/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ ചെലവിന്) |
| 10. | 320700205 | 311,810/- | ജില്ല പഞ്ചായത്ത് വിഹിതം (റവന്യൂ ചെലവിന്) |
| 11. | 320700304 | 585,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ക്യാപ്പിറ്റൽ ചെലവിന്) |
| 12. | 320700404 | 75,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ ചെലവിന്) |
| 13. | 320700405 | 50,000/- | ജില്ല പഞ്ചായത്ത് വിഹിതം (റവന്യൂ ചെലവിന്) |
| 14. | 320800101 | 65,250/- | ഗുണഭോക്തൃ വിഹിതം |
| 15. | 320900101 | 250,000/- | നിർമ്മൽ പുരസ്കാരം |
| ആകെ | | 11,395,094/- | |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്ന എ.സി.ആർ. ഹാജരാക്കിയത് പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന പ്രധാന അപാകതകൾ താഴെ വിവരിക്കുന്നു.

1.പ്രത്യേക ഗ്രാന്റുകളുടെ ചെലവുകൾ എ.സി.ആറിൽ രേഖപ്പെടുത്തി തുക, പ്രോഗ്രസീവ് ടോട്ടൽ, ബാലൻസ് എന്നിവ ഉറപ്പാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്ട് നം., വൌച്ചർ നം., നിർവ്വഹണ ഉദ്യോഗസ്ഥൻ, ചെലവു വിശദാംശം എന്നിവ എ.സി.ആറിൽ രേഖപ്പെടുത്തുന്നില്ല.

3.ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ച തുകകൾ പട്ടികയിലെ ക്രമ നം.11,12 ഏതെല്ലാം പ്രോജക്ടുകൾക്കാണ് ലഭിച്ചത് എന്നത് എ.സി.ആറിൽ ലഭ്യമല്ല. മുന്നിരിപ്പ് തുക എന്ന് മാത്രമാണ് എ.സി.ആറിൽ ചേർത്തിരിക്കുന്നത്.

4.പട്ടികയിലെ ക്രമ നം.14 ഗുണഭോക്തൃ വിഹിതം ഏതെല്ലാം പ്രോജക്ടുകൾക്കു ലഭിച്ചതാണെന്നുള്ള വിശദാംശവും അവ ചെലവഴിക്കുന്നതിന്റെ വിവരവും സൂക്ഷിച്ചിട്ടില്ല.

5.ICDS ഫണ്ടിൽ 27 ലക്ഷത്തിലധികവും ശുചിത്വ മിഷൻ ഫണ്ടിൽ 20 ലക്ഷത്തിലധികവും പ്രോജക്ട് ചെലവിനു ശേഷവും അവശേഷിക്കുന്നു.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതിരുന്നതിനും അവയുടെ വിനിമയം അക്കൗണ്ട് ചെയ്യുന്ന ACR കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്താതിരുന്നതിനും മേൽപറഞ്ഞ അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.19/2020-21/08.09.2021) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 2021-22 വർഷം ഗ്രാന്റുകൾ ചെലവഴിക്കാൻ നടപടി സ്വീകരിച്ചു എന്നറിയിച്ചു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 1-39 ലൈഫ് ഭവന പദ്ധതി

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 7 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ കരാറിലേർപ്പെട്ട 81 ഗുണഭോക്താക്കളിൽ 72 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 9 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. മൂന്നാം ഘട്ടപ്രകാരം 40 പേർ ഭൂമി ആർജ്ജിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | വികസനഫണ്ട് | സംസ്ഥാനാവിഷ്കൃത പദ്ധതി | ബ്ളോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| ജനറൽ വകയിരുത്തിയത് | 2000000 | 4000000 | 4300000 | 4800000 | 25530464 | 40630464 |
| ചെലവ് | 1900000 | 0 | 1200000 | 2600000 | 133333 | 5833333 |
| എസ് സി വകയിരുത്തിയത് | 2009938 | 2200000 | 2065062 | 2635000 | 4840000 | 13750000 |
| ചെലവ് | 1835000 | 0 | 225000 | 0 | 0 | 2060000 |
| എസ് ടി വകയിരുത്തിയത് | 149276 | 0 | 200000 | 100724 | 0 | 450000 |
| ചെലവ് | 149276 | 0 | 75724 | 0 | 0 | 225000 |

### 1-40 ആശ്രയ പദ്ധതി തുക സി.ഡി.എസ് കുടുംബശ്രീ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചു

പ്രോജ. നം.53/2020-21, ആശ്രയ പദ്ധതി
അടങ്കൽ - 400000/-
ചെലവ് - 400000/- {വി.ഫ. - 400000}
ബിൽ നം. - 9/19.1.2021

ആശ്രയ പദ്ധതിക്കായി മേൽ ബിൽ പ്രകാരം 4 ലക്ഷം രൂപ സി.ഡി.എസ് കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറുകയുണ്ടായി. ടി തുക ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തുക ചെലവഴിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/2020-21) ആശ്രയ ഗുണഭോക്താവായ ശ്രീമതി. ഷീബ അശോകൻ എന്ന വ്യക്തിയുടെ ഭവന നിർമ്മാണ ആവശ്യത്തിനായി ടി തുക വിനിയോഗിക്കുന്നതാണെന്നും പെർമിറ്റ് ലഭിച്ചാലുടൻ നിർമ്മാണം തുടങ്ങുമെന്നും സി.ഡി.എസ് ചെയർ പേഴ്സൺ അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി തുക വിനിയോഗിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

### 2-1 മോട്ടോർ ഫീ ഈടാക്കിയില്ല /കുറവായി ഈടാക്കി - 2150 രൂപ നഷ്ടം

മോട്ടോർ ഫീ ഈടാക്കിയില്ല

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് . എന്നാൽ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നടപടിക്രമങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ | വാർഡ് | ഉടമസ്ഥന്റെ | സ്ഥാപനത്തിന്റെ | ഉപയോഗിക്കുന്ന | ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|---|---|

| നം. | | പേര് | പേര് | മോട്ടോർ | മോട്ടോർ ഫീസ് |
|---|---|---|---|---|---|
| 1 | 17 | ജൂബി അലക്സ് | ഫിലിപ്പ് ആട്ടോ കെയർ പെട്രോൾ പമ്പ് | 3എച്ച്പി | 50 |
| 2 | 19 | സുജിത്ത് എൻ നായർ | ചേരിയിൽ ബ്രിക്സ് | 9എച്ച്പി | 100 |
| 3 | 13 | ബിനോയ് സി ഐ | വെസ്റ്റേൺ എന്റർപ്രൈസസ് | 5എച്ച്പി | 50 |
| 4 | 13 | ബിനോയ് സി ഐ | വെസ്റ്റേൺ എന്റർപ്രൈസസ് | 5എച്ച്പി | 50 |
| 5 | 17 | ബിന്ദു കുരുവിള | ഹോളോബ്രിക്സ് നിർമ്മാണം | 9എച്ച്പി | 50 |
| 6 | 7 | ഷിബി എലിസബത്ത് കുരുവിള | മരിയൻ ഇൻഡസ്ട്രീസ് | 9എച്ച്പി | 100 |
| ആകെ | | | | | 450 |

<u>മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ്</u>

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | വാർഡ് | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 17 | ലീലാമ്മ ഏബ്രഹാം | എപി റബർ ഇൻഡസ്ട്രീസ് | 85എച്ച്പി | 1000 | 500 | 500 |
| 2 | 17 | എൻ സി ഫിലിപ്പ് | യുണൈറ്റഡ് റബർ ഇൻഡസ്ട്രീസ് | 96എച്ച്പി | 1000 | 500 | 500 |
| 3 | 16 | പുന്നൂസ് കുട്ടി പി ചെറിയാൻ | പള്ളത്ത് ഐസ് പ്ലാന്റ് | 87എച്ച്.പി | 1000 | 500 | 500 |
| 4 | 2 | തോമസ് എബ്രഹാം | തോംസൺ റബ്ബേഴ്സ് | 40എച്ച്.പി | 400 | 200 | 200 |
| ആകെ | | | | | | | 1700 |

നിയമാനുസൃതമായ മോട്ടോർ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -11/2020-21 തീയതി 06.09.2021) മോട്ടോർ ഫീ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമാനുസൃതമായി ഈടാക്കാനുള്ള മോട്ടോർ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ എ2-01/2021 തീയതി 11/06/2021 പ്രകാരവും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 06/09/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി പള്ളം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പള്ളം | 2020-21 | 425,000/- | വനിതകൾ ഗൃഹനാഥയായിട്ടുള്ള ഭവനങ്ങളുടെ പുനരുദ്ധാരണം(243/21) | 425,000/- | 0 |
| | 2020-21 | 499,900/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(12/21) | 499,900/- | 0 |
| | 2020-21 | 1,200,000/- | ഭവന നിർമ്മാണം-ലൈഫ് മൂന്നാം ഘട്ടം (ജനറൽ)-44/21 | 1,200,000/- | 0 |
| | 2020-21 | 225,000/- | ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണം-മൂന്നാം ഘട്ടം (പട്ടികജാതി വിഭാഗം)-121/21 | 225,000/- | 0 |
| | 2020-21 | 75,724/- | ലൈഫ് ഭവന നിർമ്മാണം-മൂന്നാം ഘട്ടം (പട്ടിക വർഗ്ഗം)-123/21 | 75,724/- | 0 |
| | 2020-21 | 400,000/- | അംഗനവാടി നം. 168 ന് കെട്ടിട നിർമ്മാണം-വാർഡ്-8(312/21) | 400,000/- | 0 |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | 2,825,624/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് കോട്ടയം | 2020-21 | 237,100/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(12/21) | 237,100/- | 0 |
| | 2020-21 | 2,600,000/- | ഭവന നിർമ്മാണം- ലൈഫ് മൂന്നാം ഘട്ടം (ജനറൽ)-44/21 | 2,600,000/- | 0 |
| | ആകെ ജില്ല പഞ്ചായത്ത് വിഹിതം | | | 2,837,100/- | 0 |

പ്രോജക്ട് നം.312/21 ന് ചെലവഴിച്ച 4 ലക്ഷം രൂപയുടെ ചെലവ് ക്യാപ്പിറ്റൽ പ്രോജക്ടായതിനാൽ I-6 ഷെഡ്യൂളിൽ 160300102 ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല. സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (എ.സി.ആർ.) കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി., ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (35/21) | 49,963/- | 0 | 49,963/- |
| ഭൂജല വകുപ്പ് | കുഴൽ കിണർ നവീകരണത്തിനായി ഭൂജല വകുപ്പിന് തുക കൈമാറൽ(364/21) | 462,000/- | 0 | 462,000/- |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം 2021-22 ൽ ലഭിച്ചതായി ഫയലിൽ കാണുന്നു. ഭൂജല വകുപ്പിൽ നിക്ഷേപിച്ച 4.62 ലക്ഷം രൂപയിൽ 418,816/- രൂപയ്ക്കാണ് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്. ബാക്കി തുക 43,814/- രൂപ തിരികെ ഈടാക്കി 460500204 ശീർഷകത്തിൽ വരവായി അക്കൗണ്ട് ചെയ്യേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ച മേൽ പ്രവൃത്തികൾ ആസ്തിയായി അക്കൗണ്ടിങ്ങ് ക്രമീകരണം (Journal Voucher) നടത്തേണ്ടതാണ്. 364/21 പ്രോജക്ടിന് 4.25 ലക്ഷം ധനകാര്യ കമ്മീഷൻ ഗ്രാന്റും 37,000/- രൂപ തനത് ഫണ്ടുമാണ് ചെലവഴിച്ചത്. തിരികെ അടവാക്കുന്ന 43,814/- രൂപയിൽ 37,000/- രൂപ തനത് ഫണ്ട് കിഴിച്ച് ബാക്കി 6,814/- രൂപ തനത് ഫണ്ട് ചെലവായി അക്കൗണ്ട് ചെയ്ത് ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തിരിച്ചടവ് (ROP) ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ

പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജി ഒ (എം.എസ്) 68/2018, 18.05.2018, ജി ഒ (എം.എസ്) 100/2018, 30.07.2018 | 6,992,353/- | ഇല്ല | 980,353/- | - | 6,012,000/- |

സെക്രട്ടറിയുടെ 392/21, 413/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 863,255/- രൂപയും 414/21, 415/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(SCP) യിൽ 117,098/- രൂപ എന്നിങ്ങനെ ആകെ 980,353/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. വായ്പ രജിസ്റ്റർസെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷക്കെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

FD സ്ക്രോൾ, നിക്ഷേപ സർട്ടിഫിക്കറ്റ്, FD രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2020-21 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,144,235/- |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 406,233/- |
| ആകെ | 5,550,468/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31/03/2021-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,550,468/- |

വാർഷിക കണക്കുകൾ പ്രകാരം 5,563,610/- രൂപയാണ് 31/03/2021-ലെ നീക്കിയിരിപ്പായി കാണുന്നത്. പലിശയിനത്തിൽ 13,142/- രൂപ അധികമായി അക്കൌണ്ട് ചെയ്തതുമൂലം ബാലൻസിൽ പ്രസ്തുത തുകയുടെ വ്യത്യാസം കാണുന്നത്. അധികമായി അക്കൌണ്ട് ചെയ്ത തുക തുടർവർഷം ക്രമീകരിച്ച് 420800101-Investments-Fixed Deposits ശീർഷകത്തിലെ നീക്കിയിരിപ്പ് കൃത്യമാക്കേണ്ടതാണ്.

31/03/2021-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ ബാങ്ക്, FD അക്കൗണ്ട് നമ്പർ, നിക്ഷേപ മൂല്യം എന്നിവ താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | FD അക്കൗണ്ട് നം. | തുക |
|---|---|---|
| കുറിച്ചി എസ്.സി.ബി. | 0120000000034 | 70,790/- |

| | | |
|---|---|---|
| (എഫ്.ഡി.1) | | |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 2) | 0202000008409 | 878,029/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 3) | 0102000007481 | 421,285/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 4) | 0120000004470 | 1,460,640/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 5) | 0120000001886 | 897,047/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 6) | 0120000001084 | 1,822,577/- |
| | ആകെ | 5,550,468/- |

ആറ് സ്ഥിരനിക്ഷേപങ്ങളുടെയും പലിശ ലഭിച്ചത് മുതലിൽ ചേർക്കുന്നത് ഒരു ജേർണൽ വൗച്ചറായിട്ടാണ്(Journal Voucher No.42000289 Dated 31/03/2021) അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയിരിക്കുന്നത്. ഓരോ സ്ഥിരനിക്ഷേപത്തിന്റെയും പലിശ ലഭിക്കുന്നത് മുതലിൽ ചേർത്ത് പുതുക്കുന്നത് കൃത്യമായ വിവരണം (Narration) നൽകി പ്രത്യേകമായി അക്കൗണ്ട് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-5 | 2006-07 | 3-33-1 | നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം - തുക വകമാറ്റി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| | | | | ചെലവഴിച്ച -1.2 ലക്ഷം പാഴായി | |
| 1999-00 | 2(എ) | 2002-03 | 5-10(1) | രസീത് മുഖേന പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയില്ല | |
| 2016-17 | 1-5-4 | 2017-15 | 3-1 | സ്ട്രീറ്റ് മെയിൻ വൈദ്യുതമീറ്റർ സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 143,483,696/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 126,285,228/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,250/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 200,850/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,250/- | - | അനിൽകുമാർ ആർ. , സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 50,850/- | അനുപ്രിയ എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-35 | 150,000/- | ഡോ. അജയകുമാർ, വെറ്ററിനറി സർജൻ |
| ആകെ | 200,850/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-36 പ്രകാരം SGST-472/- CGST-472/-

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക 1-17,1-18,1-19,1-21,1-26,1-29,1-31

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽകുമാർ ആർ., സെക്രട്ടറി | സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത് | രേഖ മന്ദിരം, വയച്ചാച്ചിറ, മണ്ണന്തല (പി.ഒ.), തിരുവനന്തപുരം-695012. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.04.1997to30.4.1998 ജനകായാസൂത്രണം | എൽ.എഫ്.കെ.പി.8-484/00/8.12.2000 | - |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി11/331/14(1)/07.06.2014 | 17 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി11/330/14/31.05.2014 | 1 |
| 1999-00(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-2018)/191/18/ 21.02.2018 | 17 |
| 1999-00(വരവ്) | എൽ.എഫ്.കെ.പി.8/1653/07/05.12.2008 | 5 |
| 2000-01 & 2001-02 ജനകായാസൂത്രണം | എൽ.എഫ്.കെ.പി.11/331/14(5)/06.06.2014 | 18 |
| 2000-01 | എൽ.എഫ്.കെ.പി11/331/14(3)/04.06.2014 | 2 |
| 2001-02 | എൽ.എഫ്.കെ.പി11/331/14(4)/04.06.2014 | 4 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി11/242/14/8.04.2014 | 18 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി11/190/(അദാ)/H4/22.02.2011 | 3 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി11-242/14/14.03.2014 | 7 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി11-242/14/14.03.2014 | 1 |
| 2004-05(ചെലവ്) | എൽ.എഫ്.കെ.പി11-242/14/14.03.2014 | 17 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി11-242/14/14.03.2014 | 3 |
| 2005-06 | എൽ.എഫ്.കെ.പി11-242/14/08.04.2014 | 8 |
| 2006-07 | എൽ.എഫ്.കെ.പി11-242/14/15.03.2014 | 24 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.കെ.പി11-57/14/15.12.2015 | 14 |
| 2008-09 | എൽ.എഫ്.കെ.പി11-242/14/15.03.2014 | 18 |
| 2009-10 & 2010-11 | എൽ.എഫ്.കെ.പി11-1032/13/03.01.2014 | 18 |
| 2011-12 | എൽ.എഫ്.കെ.പി11-1786/ 13.01.2014 | 12 |
| 2012-13 | എൽ.എഫ്.കെ.പി.11-440/15/10.06.2015 | 23 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി11-1254/16/22.08.2016 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/1485/17/22.12.17 | 22 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി12/09/17/21.03.2018 | 31 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി12-76/19/25.06.2019 | 26 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി12-76/19/24.06.2020 | 23 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി12-29/2020/ 16.06.2020 | 34 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്